(Pages : 4) **T – 6253**

**Reg. No. : .............................**

**Name : .................................**

## Second Semester M.A. Degree Examination, September 2024

### Malayalam Language And Literature

### ML 221 : ആധുനിക സാഹിത്യം - ഗദ്യം

### (2019-2022 Admission)

Time : 3 Hours Max. Marks : 75

I. ഓരോ ചോദ്യത്തിനും **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) 'ഭൗതികജീവിതത്തിന്റെ നേട്ടത്തിനായി അധികാരവും സ്വാധീനവും ഉപയോഗിച്ച് ലക്ഷ്യപ്രാപ്തിയിലെത്തുന്ന സ്വാർത്ഥതയുടെ പ്രതീകമാണ് ഏണിപ്പടികളിലെ കേശവപിള്ള' - വിവരിക്കുക.

അല്ലെങ്കിൽ

(b) എൻ.കൃഷ്ണപിള്ളയുടെ നാടകങ്ങളിലെ ഓരോ സ്ത്രീയും കുടുംബഘടനയ്ക്കുള്ളിൽ വീർപ്പുമുട്ടിക്കഴിയുന്നവരാണ്.' ബലാബലത്തിലെ പങ്കജം, ശാരദ എന്നീ കഥാപാത്രങ്ങളെ ആസ്പദമാക്കി വിലയിരുത്തുക.

2. (a) 'സ്ത്രീജിതനല്ല, ശ്രീജിതനാണ് രാവണൻ. ശ്രീത്വം വിളങ്ങുന്നതെല്ലാം രാവണൻ നേടും' - ഈ വാക്കുകളിൽ തെളിയുന്ന രാവണന്റെ വ്യക്തിപ്രഭാവം വിലയിരുത്തുക.

അല്ലെങ്കിൽ

(b) അസാന്നിദ്ധ്യം കൊണ്ട് സാന്നിദ്ധ്യം നേടുന്ന മഹാപ്രതീകമാണ് ലങ്കാലക്ഷ്മിയിലെ താഴികക്കുടം - നാടകസങ്കല്പത്തിന്റെ സൂക്ഷ്മപ്രതിഫലനം മുഴുവൻ സി.എൻ.അതിൽ ഒതുക്കിവച്ചിരിക്കുന്നു' - ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

P.T.O.

3. (a) അടിയാളജീവിതാവിഷ്കാരം ടി.കെ.സി. വടുതലയുടെ 'ചങ്ക്രാന്തിഅട' എന്ന കഥയെ ആസ്പദമാക്കി ചർച്ചചെയ്യുക.

അല്ലെങ്കിൽ

(b) ചോലമരങ്ങൾ എന്ന കഥയിൽ ആവിഷ്കൃതമാകുന്ന ജീവിതത്തിന്റെ വൈരുദ്ധ്യത വിലയിരുത്തുക.

4. (a) 'ധർമ്മമെന്നതു പുരുഷന്റെ ഹിതമാണു സോദരീ എക്കാലത്തും എവിടെയും അത് നമുക്ക് ചോദിക്കാനവകാശമില്ല' - ഈ പ്രസ്താവനയിലെ സ്ത്രീത്വത്തിന്റെ നിസ്സഹായതയെ ലളിതാംബിക അന്തർജ്ജനം ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) 'ചന്ദ്രനിൽ ഒരു കളങ്കം! താളത്തിൽ ഒരു അവതാളം! സ്വർഗ്ഗത്തിൽ ഒരു ചെകുത്താൻ' - ഇങ്ങനെ കഥാനായിക ചിന്തിക്കാനിടയായ സാഹചര്യം വ്യക്തമാക്കുക.

5. (a) 'ഒരു പൊട്ടഭാഗ്യം' എന്ന കഥയുടെ പ്രമേയം വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(b) വിവരണാത്മക സ്വഭാവം ആദ്യകാല ചെറുകഥകളുടെ ഒരു സവിശേഷതയാണ്. 'കൂനിയുടെ ചികിത്സ' എന്ന കഥയെ ആസ്പദമാക്കി ചർച്ചചെയ്യുക.

6. (a) 'ഇന്ദുലേഖ'യിലെ സാമൂഹ്യപശ്ചാത്തലം വിശദമാക്കുക.

അല്ലെങ്കിൽ

(b) മുട്ടത്തുവർക്കി കഥകളുടെ ജനപ്രിയ ആഖ്യാനരീതി 'ഹീനജന്മം' എന്ന കഥയെ മുൻനിർത്തി ചർച്ചചെയ്യുക.

7. (a) 'ആ നാലു കാശുണ്ടായിരുന്നെങ്കിൽ ഒരു ബീഡിമേടിച്ചു വലിക്കാമായിരുന്നു' - ഈ പ്രസ്താവനയെ ആസ്പദമാക്കി കാൽച്ചക്രം എന്ന കഥയിലെ പ്രമേയത്തെ ചർച്ചചെയ്യുക.

അല്ലെങ്കിൽ

(b) മൂടൽമഞ്ഞ് എന്ന കഥയിലെ ആഖ്യാനസവിശേഷതകൾ പരിശോധിക്കുക.

**($7 \times 3 = 21$ Marks)**

II. **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) ആദ്യകാല മലയാളകഥകളുടെ സ്വഭാവ സവിശേഷതകൾ ചർച്ചചെയ്യുക.

അല്ലെങ്കിൽ

(b) 'ബാല്യകാലസഖി'യിലെ പ്രമേയം ദാരിദ്ര്യമാണ്. ആ പ്രമേയം അവതരിപ്പിക്കാനുള്ള ഉപാധിയാണ് അതിലെ പ്രണയകഥ - ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

9. (a) ഒരു യാത്രാവിവരണ കൃതി എന്ന നിലയിൽ 'അമേരിക്കയിലൂടെ' എന്ന കൃതിയെ വിലയിരുത്തുക.

അല്ലെങ്കിൽ

(b) മുണ്ടശ്ശേരിയുടെ രാഷ്ട്രീയ ജീവിതാനുഭവങ്ങളെ വിശദീകരിക്കുക.

10. (a) രാമരാജബഹുദൂറിലെ ആദർശവൽകൃതമായ കഥാപാത്രമാണ് ദിവാൻ കേശവപിള്ള - വിലയിരുത്തുക.

അല്ലെങ്കിൽ

(b) തീവ്രമായ ആത്മസംഘർഷം അനുഭവിക്കുന്ന കഥാപാത്രമാണ് 'ഒരു വഴിയും കുറെ നിഴലുകളും' എന്ന നോവലിലെ രമണി എന്ന കഥാപാത്രം - പരിശോധിക്കുക.

11. (a) സാമൂഹ്യപ്രമേയങ്ങളെ ഉപഹാസത്തിലൂടെ ആവിഷ്കരിക്കുകയായിരുന്നു പ്രഹസനങ്ങൾ. ബി.എ. മായാവിയെ ആസ്പദമാക്കി ചർച്ചചെയ്യുക.

അല്ലെങ്കിൽ

(b) പാപിയായ ഓരോ മനുഷ്യന്റെയും നേർക്കുള്ള വിരൽചൂണ്ടലാണ് 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകം - പരിശോധിക്കുക.

12. (a) സമകാലിക ജീവിതത്തെ യുക്ത്യധിഷ്ഠിതമായി നോക്കിക്കണ്ട ചന്തുമേനോൻ ആ ജീവിതത്തെ വിമർശനാത്മകമായി അവതരിപ്പിക്കുന്ന നോവലാണ് ഇന്ദുലേഖ - സമർത്ഥിക്കുക.

അല്ലെങ്കിൽ

(b) മനുഷ്യനിൽ കൊടികുത്തി വാഴുന്ന അധികാരദുർമോഹത്തെ അവതരിപ്പിക്കുന്ന നാടകമാണ് ബലാബലം - വിലയിരുത്തുക.

**(5 × 6 = 30 Marks)**

III. ഓരോ ചോദ്യത്തിനും **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) തിരുവിതാംകൂറിലെ ഒരു കാലഘട്ടത്തിന്റെ രാഷ്ട്രീയാവസ്ഥകളെ സത്യസന്ധമായി വരച്ചുകാട്ടുന്ന നോവലാണ് തകഴിയുടെ 'ഏണിപ്പടികൾ' - ചർച്ചചെയ്യുക.

അല്ലെങ്കിൽ

(b) സി.വി. നോവലുകളുടെ അനിഷേധ്യമായ നാടകീയതയ്ക്കു നിദാനം പാത്രസ്വഭാവത്തിനനുയോജ്യമായ സംഭാഷണമാണ്. 'രാമരാജബഹദൂർ' നോവലിനെ ആസ്പദമാക്കി ചർച്ചചെയ്യുക.

14. (a) കേരളത്തിന്റെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ ജീവിതത്തെക്കുറിച്ച് മുണ്ടശ്ശേരിയുടെ കാഴ്ചപ്പാട് വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(b) ജീവചരിത്രകാരൻ എന്ന നിലയിൽ പി.കെ.യ്ക്ക് നിലയുറപ്പിക്കാൻ കഴിഞ്ഞ കൃതിയാണ് 'സാഹിത്യപഞ്ചാനനൻ' - വിശദീകരിക്കുക.

15. (a) ഇതിവൃത്തത്തിലും പാത്രഘടനയിലുമെല്ലാം അസാമാന്യമായ പിരിമുറുക്കവും അരങ്ങിനനുയോജ്യമായ ശില്പസംവിധാനവുമാണ് ലങ്കാലക്ഷ്മി എന്ന നാടകത്തിന് മലയാളനാടകചരിത്രത്തിൽ പ്രമുഖമായ സ്ഥാനം നേടിക്കൊടുത്തത്. പരിശോധിക്കുക.

അല്ലെങ്കിൽ

(b) ട്രാജിക് നാടകസങ്കല്പങ്ങളെ ഉൾക്കൊണ്ടുകൊണ്ട് സുഘടിതമായ രൂപശില്പത്തിൽ ആവിഷ്കൃതമായ നാടകമാണ് സി.ജെ.യുടെ 'ആ മനുഷ്യൻ നീ തന്നെ' - ചർച്ചചെയ്യുക.

**(3 × 8 = 24 Marks)**